**കേരള സർക്കാർ**

**പട്ടികജാതി വികസന വകുപ്പ്**

വ്യാവസായിക പരിശീലന പദ്ധതി

**എസ്.സി.വി. റ്റി** പാഠ്യപദ്ധതി അനുസരിച്ചുള്ള
ഐ. റ്റി. ഐ. കോഴ്സുകൾ

# പ്രോസ്പെക്ടസ്-2017

1. *ലക്ഷ്യം:* പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുകയും അവരെ വ്യാവസായിക രംഗത്ത് തൊഴിൽ നേടുവാനും സ്വയം തൊഴിൽ കണ്ടെത്തുവാനും പ്രാപ്തരാക്കുകയുമാണ് ഈ കോഴ്സുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന പത്തനംതിട്ട ജില്ലയിലെ പന്തളം, തിരുവനന്തപുരം ജില്ലയിലെ മര്യാപുരം, തൃശ്ശൂർ ജില്ലയിലെ വരവൂർ, വി.ആർ.പുരം കോഴിക്കോട് ജില്ലയിലെ തുണേരി, ഏലത്തൂർ കാസർഗോഡ് ജില്ലയിലെ ബേള ആലപ്പുഴ ജില്ലയിലെ മാവേലിക്കര പത്തനംതിട്ട ജില്ലയിലെ പന്തളം എന്നീ 9 ഐ. റ്റി. ഐ.-കളിലാണ് പ്രവേശനം നൽകുന്നത്. പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ മെട്രിക്/നോൺ മെട്രിക് ട്രേഡുകളിൽ പരിജ്ഞാനം നൽകുന്നതാണ്. പരിശീലന കാലാവധി ഓരോ ട്രേഡിനെയും ആസ്പദമാക്കി രണ്ട് സെമസ്റ്റർ (ഒരു വർഷം) / നാല് സെമസ്റ്റർ (രണ്ടു വർഷം) എന്നിങ്ങനെ നിജപ്പെടുത്തിയിട്ടുണ്ട്.

2. *പ്രവേശനം:* 80% സീറ്റുകളിലും പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. ആകെ സീറ്റുകളിൽ 10% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കും 10% പട്ടികജാതി-പട്ടിക വർഗ്ഗം ഒഴിച്ചുള്ള വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുമായി സംവരണം ചെയ്തിരിക്കുന്നു. ഏതെങ്കിലും വിഭാഗത്തിൽ മതിയായ അപേക്ഷകൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത ഒഴിവ് പട്ടികജാതി, പട്ടികവർഗ്ഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്.

3. *വിദ്യാഭ്യാസ യോഗ്യതയും തെരഞ്ഞെടുപ്പും:* എസ്.എസ്.എൽ.സി. ജയിച്ചവർക്കും തോറ്റവർക്കും എട്ടാം ക്ലാസ്സ് ജയിച്ചവർക്കും തത്തുല്യ യോഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ട്രേഡുകളിലാണ് പരിശീലനം നൽകുക. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്ന

9 1737 2017 S-7.

താണ്. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. പ്രൈവറ്റായി എസ്. എസ്. എൽ. സി. എഴുതി തോറ്റവർക്ക് പ്രവേശനത്തിന് അർഹത ഇല്ല.

4. *പ്രവർത്തന സമയം:* രാവിലെ 7.50 മണിമുതൽ വൈകുന്നേരം 3 മണിവരെയും 10 മണിമുതൽ 5.10 മണി വരെയും ഉള്ള രണ്ട് ഷിഫ്റ്റുകളായി ട്ടാണ് ഐ. റ്റി.ഐ–കൾ പ്രവർത്തിക്കുന്നത്. ഭരണ സൗകര്യം മുൻനിർത്തി ഇതിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. എല്ലാ ഐ. റ്റി.ഐ–കൾക്കും ട്രെയിനിംഗ് ഡയറക്ടർ/ ഗവൺമെന്റ് പൊതു ഒഴിവ് നൽകുന്നത് ഒഴിച്ചുള്ള ദിവസങ്ങൾ പ്രവർത്തി ദിനങ്ങളാണ്. ഐ. റ്റി.ഐ.–കൾ വെക്കേഷൻ അവധി ഇല്ലാത്ത സ്ഥാപനങ്ങളുമാണ്.

5. *ആനുകൂല്യങ്ങൾ:* പരിശീലനം പൂർണ്ണമായും . സൗജന്യമാണ്. കൂടാതെ പ്രവേശനത്തിന് തെരഞ്ഞെടുത്ത വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് 900 രൂപ വർക്ക് ഷോപ്പ് ഡ്രസ്സിനും തയ്യൽക്കൂലിക്കുമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഒന്നാം വർഷം 820 രൂപയും രണ്ടാം വർഷം 630 രൂപയും ലംപ്സം ഗ്രാന്റും കൂടാതെ പ്രതിമാസം 630 രൂപ വിതം സ്റ്റൈപ്പന്റും നൽകുന്നതാണ്. കോഴ്സിനോട് അനുബന്ധിച്ച് നടത്തുന്ന സ്റ്റഡിടൂറിന് അർഹമായ സ്റ്റഡി ടൂർ അലവൻസ് നൽകുന്നു. പരിശീലനാർത്ഥികൾ നിർബന്ധമായും പരിശീലന സമയത്ത് യൂണിഫോറം ധരിച്ചിരിക്കേണ്ടതാണ്.

6. *നിർബന്ധിത ഹാജർ:* പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് പരിശീലനാർത്ഥികൾക്ക് നിർബന്ധമായും ഏറ്റവും കുറഞ്ഞത് 80% ഹാജർ ഉണ്ടായിരിക്കണം. പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ പത്ത് സാദ്ധ്യായ ദിവസങ്ങളിൽ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ മെഡിക്കൽ ലീവ് നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

7. *പരീക്ഷാ സർട്ടിഫിക്കറ്റ്:* 80% ത്തിൽ കുറയാത്ത ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സംസ്ഥാന സർക്കാർ നടത്തുന്ന എസ്.സി.വി._റ്റി പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

8. *വയസ്:* പ്രവേശനം നേടുന്നതിന് 31.07.2017–ന് 14 വയസ്സ് തികഞ്ഞിരിയ്ക്കേണ്ടതാണ്. ശാരീരിക യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.

9. ***അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി:*** നിർദ്ദിഷ്ട ഫാറത്തിൽ പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട ഐ.റ്റി.ഐ യിലെ ട്രെയിനിംഗ് സുപ്രണ്ടിന് നിശ്ചിത തീയതിക്ക് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. മെട്രിക് ട്രേഡുകൾക്കും നോൺ മെട്രിക് ട്രേഡുകൾക്കും പ്രത്യേകം ഫാറത്തിലാണ് അപേക്ഷ നൽകേണ്ടത്. നിശ്ചിത ഫോറത്തിലല്ലാത്ത അപേക്ഷകൾ സ്വീകാര്യമല്ല . ഐ.ടി.ഐ–കളും അവയിൽ പരിശീലനം നൽകുന്ന ട്രേഡുകളും സംബന്ധിച്ച വിവരം പ്രോസ്പെക്ടസിൽ ചേർത്തിട്ടുണ്ട്. ഭരണ സൗകര്യം മുൻനിർത്തി ഇവയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. അപേക്ഷാഫാറത്തോടൊപ്പം ജാതിയും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി. ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. ഗ്രേസ് മാർക്കിനായുള്ള അധിക യോഗ്യതയായ പ്ലസ്ടു, ബിരുദം എന്നീ യോഗ്യതയുള്ളവർ അവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടെ ഉള്ളടക്കം ചെയ്യേണ്ടതാണ്.

10. *അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ*

(1) പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള ടി.സി യും ജനനത്തീയതി, വിദ്യാഭ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

(2) പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ ആയതിലേക്കുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

(3) അപേക്ഷകന്റെ കയ്യൊപ്പില്ലാത്ത അപേക്ഷകൾ സ്വീകാര്യമല്ല.

(4) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും അച്ചടക്കം പാലിക്കേണ്ടതും പരിശീലന ഉപകരണങ്ങൾക്ക് നാശനഷ്ടങ്ങൾ വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിന് മുൻപ് പിരിഞ്ഞു പോകാൻ പാടില്ലാത്തതും സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ ബാദ്ധ്യസ്ഥരുമാണ്. പരിശീലനാർത്ഥി

കളുടെ നടപടികൾ മൂലം സ്ഥാപനത്തിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുവെങ്കിൽ ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട പരിശീല നാർത്ഥികൾക്ക് ബാധ്യതയുണ്ടായിരിക്കും. ഇതിനുമുൻപ് എപ്പോഴെങ്കിലും ഏതെങ്കിലും പട്ടികജാതി വികസന വകുപ്പ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിലോ. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലോ പഠിച്ച് പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ വീണ്ടും പ്രവേശനത്തിന് അർഹത യുണ്ടായിരിക്കുന്നതല്ല.

(5) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരും രക്ഷിതാക്കളും സർക്കാർ നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് നൽകേണ്ടതാണ്.

(6) കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടാ വുന്നതാണ്.

| *ഡയറക്ടറേറ്റ്* | | *ഫോൺ നമ്പർ.* |
|---|---|---|
| പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | : | 0471 –2737240 |
| ട്രെയിനിംഗ് ഓഫീഗക്ത | : | 0471 - 2737263 |
| ടെക്നിക്കൽ – സെക്ഷൻ സൂപ്രണ്ട് | : | 0471 – 2737256 |
| ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ് | : | 0471- 2316680 |
| ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ് | : | 0495-2371451 |

## <u>അനുബന്ധം</u>

**പട്ടികജാതി വികസന വകുപ്പിന് കീഴിൽ എസ്.സി.വി.റ്റി പാഠ്യ പദ്ധതി അനുസരിച്ചുള്ള ഐ. റ്റി.ഐ-കളും പരിശീലനം നൽകുന്ന ട്രേഡുകളും**

| ക്രമ നമ്പർ | ഐ.റ്റി.ഐ-കളുടെ പേരും വിലാസവും | നാല് സെമസ്റ്റർ മെട്രിക് ട്രേഡ് (ദ്വിവത്സരം) | രണ്ട് സെമസ്റ്റർ മെട്രിക് ട്രേഡ് (ഏകവത്സരം) | രണ്ട് സെമസ്റ്റർ നോൺ മെട്രിക് ട്രേഡ് (ഏകവത്സരം) |
|---|---|---|---|---|
| 1 | മാവേരിക്കര<br>ഐ.റ്റി.ഐ<br>മാവേലിക്കര.പി.ഒ.<br>ഉമ്പർനാട്<br>ആലപ്പുഴ ജില്ല<br>0479 2341485 | ഇലക്ട്രോണിക് മെക്കാനിക്ക് | ഇല്ല | ഇല്ല |
| 2 | ബേള<br>ഐ. റ്റി.ഐ<br>ബേള പി.ഒ<br>കാസർഗോഡ് ജില്ല<br>പിൻ- 671 321<br>04998-284140 | ഇല്ല | ഇല്ല | വെൽഡർ |
| 3 | തുണേരി<br>ഐ. റ്റി.ഐ<br>കോടഞ്ചേരി പി.ഒ<br>കോഴിക്കോട് ജില്ല<br>പിൻ-673 503<br>0496-2551301 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | ഇല്ല | ഇല്ല |
| 4 | വരവൂർ<br>ഐ. റ്റി.ഐ<br>കുമരപ്പനാൽ പി.ഒ<br>വരവൂർ വഴി<br>തലപ്പള്ളി<br>തൃശ്ശൂർ ജില്ല<br>04884-278218 | മെക്കാനിക് മോട്ടോർ വെഹിക്കിൾ<br>ഡ്രൈവർ കം മെക്കാനിക് മെട്രിക് ആറ് മാസം (ആഗസ്റ്റ് ബാച്ച് മാത്രം | ഇല്ല | ഇല്ല |

| | | | | |
|---|---|---|---|---|
| 5 | എലത്തൂർ<br>എലത്ത പി. ഒ.<br>കോഴിക്കോട്<br>0495-2461898 | ഡ്രാഫ്റ്റ്സ്മാൻ/സിവിൽ | ഇല്ല | വെൽഡർ |
| 6 | മംഗലം<br>അഞ്ചുമൂർത്തി പി. ഒ.<br>പാലക്കാട്<br>0492-2258545 | ഇല്ല | സർവ്വേ യർ | ഇല്ല |
| 7 | വി. ആർ. പുരം,<br>വി.ആർ.പുരം. പി. ഒ.<br>ചാലക്കുടി. തൃശ്ശൂർ<br>0480-2700605 | ഇലക്ട്രീഷ്യൻ | ഇല്ല | ഇല്ല |
| 8 | മരിയാപുരം<br>മരിയാപുരം. പി. ഒ.<br>നെയ്യാറ്റിൻകര<br>0471 - 2234230 | എം.എം.വി | സർവ്വേ യർ | ഇല്ല |
| 9 | പന്തളം<br>മുടിയൂർക്കോണം പി.ഒ.<br>ചേരിക്കൽ<br>പത്തനംതിട്ട<br>0473-4252243 | എം.എം.വി.<br>ഇലക്ട്രീഷ്യൻ | ഇല്ല | ഇല്ല |

(ഒപ്പ്)

*ഡയറക്ടർ*
പട്ടികജാതി വികസന വകുപ്പ്